**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : T 3210** 18.10.2016 - ൽ മറുപടിക്ക്

## നന്മ സ്റ്റോറുകൾ

| **ചോദ്യം**<br>ശ്രീ.എം.വിൻസെന്റ് | | **മറുപടി**<br>**ശ്രീ. എ.സി.മൊയ്തീൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡറേഷന്റെ കീഴിൽ നേരിട്ട് പ്രവർത്തിച്ചിരുന്ന 746 നന്മ സ്റ്റോറുകളും സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 384 നന്മ സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | 2015-ലെയും 2016 ലെയും ഓണക്കാലത്ത് നന്മ സ്റ്റോറുകളിൽ നിന്ന് മാത്രമായി എത്ര രൂപയുടെ വീതം കച്ചവടമാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 2015-ലെ ഓണക്കാലത്ത് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളിൽ 4.42 കോടി രൂപയുടെ കച്ചവടവും, സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളിൽ 4.12 കോടി രൂപയുടെ കച്ചവടവുമാണ് നടന്നിട്ടുള്ളത്.<br>2016-ലെ ഓണക്കാലത്ത് സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിൽ 1.95 കോടി രൂപയുടെ കച്ചവടം നടന്നിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിലൂടെ വിൽപ്പന ഒന്നും ഉണ്ടായിട്ടില്ല. |
| (സി) | 2015-ലെയും 2016-ലെയും ഓണക്കാലത്ത് കൂടിയ വിലയ്ക്കുള്ള സാധനങ്ങൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കൺസ്യൂമർഫെഡിന് എത്ര രൂപ വീതം സബ്സിഡി നൽകിയെന്നു വിശദമാക്കുമോ?. | (സി) | 2015-ലെ ഓണക്കാലത്ത് വില്പ്പനയ്ക്കായി സബ്സിഡി ഇനത്തിൽ 25 കോടി രൂപ നൽകിയിട്ടുണ്ട്. 2016-ലെ ഓണക്കാലത്ത് വില്പ്പനയ്ക്കായി തുക ഒന്നും നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**